# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 96* 04/12/2014 ൽ മറുപടിക്ക്

**വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കെ.നാരായണൻ<br>,, ബി.ഡി.ദേവസ്സി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഇത് മുടക്കംകൂടാതെ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പ്രവർത്തനം ഓരോ ആറുമാസം കൂടുമ്പോൾ സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി മുടക്കം കൂടാതെ നടന്നുവരുന്നു. |
| ബി) സ്കൂളുകൾക്ക് ആവശ്യത്തിന് ഫണ്ട് യഥാസമയം ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിയ്ക്ക് സ്കൂൾ പ്രഥമാദ്ധ്യാപകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ മുൻകൂറായി തുക നൽകിവരുന്നു. ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിന് തടസ്സം നേരിടുന്നില്ല. |
| സി) ഉച്ചഭക്ഷണത്തിനായി ചെലവാക്കിയ വകയിൽ പ്രധാനാദ്ധ്യാപകർക്ക് വൻതുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) സ്കൂളുകളിൽനിന്നും കൃത്യമായ കണക്ക് ലഭിക്കാത്തതുകൊണ്ടാണ് സ്കൂളുകൾക്ക് കുടിശ്ശിക വന്നിട്ടുള്ളത്. എന്നാൽ കുടിശ്ശികയുൾപ്പെടെയുള്ള തുക സ്കൂൾ പ്രഥമാദ്ധ്യാപകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ ആയത് അറിയിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| (ഡി) സാമ്പത്തിക പ്രതിസന്ധി ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) ഇല്ല. |
| (ഇ) ഭക്ഷ്യവസ്തുക്കളുടെയും മറ്റും വിലയിലുണ്ടായിട്ടുള്ള വൻവർദ്ധനവ് പരിഗണിച്ച് ഇതിനുള്ള കണ്ടിജന്റ് ചാർജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ